# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **23.3.2012-ൽ മറുപടിക്ക്**

## പഞ്ചായത്തുകളിൽ ഗ്രീൻ ടെക്നോളജി സെന്റർ

**ചോദ്യം**

ശ്രീ. പാലോട് രവി:
ശ്രീ. വി.ഡി.സതീശൻ :
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

എ) സീറോ വേസ്റ്റ് കർമ്മപരിപാടി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്: വിശദമാക്കുമോ;

എ) സീറോ വേസ്റ്റ് കർമ്മപരിപാടി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. വീടുകളിലും സ്ഥാപനങ്ങളിലും ജൈവ-അജൈവ മാലിന്യങ്ങൾ അതത് സ്ഥലങ്ങളിൽ സംഭരിക്കാനും, ജൈവമാലിന്യങ്ങൾ അതതിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി വിവിധ തരത്തിലുള്ള കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവയ്ക്കായി അവയുടെ യൂണിറ്റ് കോസ്റ്റിന്റെ 75% വരെ (പരമാവധി 5000 രൂപ) സബ്സിഡി നൽകാനും ഇപ്രകാരമുള്ള സബ്സിഡി സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വീടുകൾക്ക് ലഭ്യമാക്കാനുമുള്ള ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇവ നടപ്പിലാക്കാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന പ്ളാസ്റ്റിക് മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒന്നായി സംഭരിക്കാനും അവ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗ്, സിമന്റ് പ്ലാന്റുകളിൽ കത്തിക്കൽ, പ്ളാസ്റ്റിക് പുനർനിർമ്മാണം എന്നിവയ്ക്ക് ഉപയോഗപ്പെടുത്താനുമുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ഇതു കൂടാതെ, നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ

വിപുലീകരിക്കാനും, അവയിൽ നിന്നുള്ള മലിനീകരണം കുറയ്ക്കാനുള്ള നടപടികളായ മലിനജല സംസ്കരണ പ്ലാന്റ്, സാനിട്ടറി ലാന്റ്ഫിൽ, നിലവിലുള്ള പ്ലാന്റുകളുടെ വിപുലീകരണം, തുടങ്ങിയവ നടപ്പാക്കാനും പ്ലാന്റുകൾ നിലവിലില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവ പുതുതായി സ്ഥാപിക്കാനും അതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം നൽകുവാനും നടപടി കൈക്കൊണ്ടിട്ടുണ്ട്. 2011 ഒക്ടോബർ 2 മുതൽ 2012 ഒക്ടോബർ 2 വരെ ഒരു വർഷം നീണ്ടു നിൽക്കുന്ന ശുചിത്വവർഷം പരിപാടി വിവിധ ബോധവൽക്കരണ പരിപാടികളോടെ നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി 'സീറോ വേസ്റ്റ്' എന്ന ആശയത്തിന് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പദ്ധതികളും പരിപാടികളുമാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

| | |
|---|---|
| ബി) ഇതിനുവേണ്ടി പഞ്ചായത്തുകളിൽ ഗ്രീൻ ടെക്നോളജി സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ | ബി) & സി) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ സഹകരണത്തോടെ ഗ്രീൻ ടെക്നോളജി സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ? | |

സെക്ഷൻ ഓഫീസർ